"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കരുനാഗപ്പള്ളി ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി കണ്ടെത്തിയ **BSNL**-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**488/2025/TAXES** തീയതി,തിരുവനന്തപുരം, **23-05-2025**

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **22/03/2025** ലെ **SLTY/6371/2023-MOD INFRA1 SL** നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കരുനാഗപ്പള്ളിയിലെ സബ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിന്റെ **3** വർഷ കരാർ കാലാവധി **21.12.2023**-ൽ അവസാനിക്കുന്നതിനാൽ നിലവിലെ വാടകനിരക്കായ **19730/-** രൂപയിൽ നിന്നും **25%** വർദ്ധനവ് നിശ്ചയിച്ചു കൊണ്ട് കരാർ പുതുക്കി നല്കാൻ സമ്മതമാണെന്നും, അല്ലാത്ത പക്ഷം **2** മാസത്തിനകം കെട്ടിടം ഒഴിയണമെന്നും കെട്ടിട ഉടമ അറിയിച്ചിട്ടുള്ളതായും എന്നാൽ ടി കെട്ടിടം നിലവിൽ ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമായ തരത്തിൽ ആരോഗ്യകരമായ ചുറ്റുപാടിലല്ല സ്ഥിതി ചെയ്യുന്നതെന്നും നിലവിലെ സ്ഥലത്ത് ഓഫീസ് പ്രവർത്തിക്കുന്നത് ബുദ്ധിമുട്ടായതിനാൽ ഓഫീസ് കെട്ടിടം മാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കരുനാഗപ്പള്ളി സബ് ഓഫീസിലെ ലോട്ടറി സബ് ഓഫീസർ അറിയിച്ചിട്ടുള്ളതായും പരാമർശം പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

**2.**തുടർന്ന്, ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടെത്താൻ നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ **BSNL**-ന്റെ കരുനാഗപ്പള്ളി ടെലിഫോൺ എക്സ്ചേഞ്ച് കോമ്പൗണ്ടിലുള്ള **1153.47 sqft** വിസ്തീർണ്ണം വരുന്ന കെട്ടിടം കണ്ടെത്തിയതായും പ്രതിമാസം **GST** ഉൾപ്പടെ **29,500/-** രൂപ വാടകയും ഓരോ വർഷവും **5%** വാടക വർദ്ധനവുമാണ് **BSNL** ആവശ്യപ്പെട്ടിട്ടുള്ളതെന്നും ബി.എസ്.എൻ.എൽ.ന്റെ റെന്റിംഗ് ഔട്ട് പോളിസി **2020** പ്രകാരം എല്ലാ വർഷവും വാടക പരിഷ്കരിക്കുമെന്നും വാടക പ്രതിവർഷം **5%** അല്ലെങ്കിൽ **3** വർഷത്തിലൊരിക്കൽ **15%** നിരക്കിൽ

ആയിരിക്കും പരിഷ്കരിക്കുകയെന്ന് ബി.എസ്.എൻ.എൽ അറിയിച്ചിട്ടുള്ളതായും കരുനാഗപ്പള്ളി ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തനം മാറുന്നതിലേയ്ക്കായി കണ്ടെത്തിയ **BSNL**-ന്റെ ഉടമസ്ഥതയിലുള്ള **1153.47** സ്ക്വ.ഫീറ്റ്. കെട്ടിടം പ്രതിമാസം **GST** ഉൾപ്പടെ **29,500/-**രൂപാ നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും ഓരോ വർഷവും **5%** വാടക വർദ്ധനവ് വരുത്തുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാടകക്കരാറിൽ ഏർപ്പെട്ട് മൂന്ന് മാസത്തിനകം പുതിയ കെട്ടിടത്തിലേക്ക് മാറണം എന്ന ഉപാധിയോടെ, കരുനാഗപ്പള്ളി ഭാഗ്യക്കുറി സബ് ഓഫീസ് പ്രവർത്തിക്കുന്നതിന് **BSNL**-ന്റെ ഉടമസ്ഥതയിലുള്ള **1153.47** സ്ക്വ.ഫീറ്റ് സ്ഥലം പ്രതിമാസം **GST** ഉൾപ്പടെ **₹29,500/-** (ഇരുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും ഓരോ മൂന്ന് വർഷം കൂടുമ്പോഴും **15%** നിരക്കിൽ വാടക വർദ്ധനവ് വരുത്തുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ. തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ് (**18.05.2025**-ലെ **3122879/Exp. B1/237/2025-Fin** പ്രകാരം)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (**TAXES-H1/93/2025-TAXES**)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 23-05-2025 12:28:01

സെക്ഷൻ ഓഫീസർ